സിംപോസിയം

# 6. 'ശരീഅത്തും' ശരീഅത്തും

ടി. മുഹമ്മദ്

"അഞ്ജനമെന്നതു ഞാനറിയും:
മഞ്ഞൾപോലെ വെളുത്തിരിക്കും!"

ഇന്ത്യയിൽ നടപ്പിലിരിക്കുന്ന 'ശരീഅത്താക്ടിനെ' ക്കുറിച്ച പലരുടെയും പരാമർശം കേൾക്കുമ്പോൾ മേൽകാണിച്ച പഴഞ്ചൊല്ലാണ് ഓർമ്മയിൽ വരാറുള്ളത്. പ്രസ്തുത പഴമൊഴിയുടെ വക്താവിന് അഞ്ജനത്തെയും മഞ്ഞളിനെയും സംബന്ധിച്ച പരിജ്ഞാനം വിശിഷ്യാ എടുത്തുപറയേണ്ടതില്ല. ഇതിൽനിന്നും ഭിന്നമല്ല, ചിലർക്ക് ഇസ്‌ലാമിക ശരീഅത്തിനേയും ഇന്ത്യൻ ശരീഅത്താക്ടിനേയും പറ്റിയുള്ള പരിജ്ഞാനവും. എന്നാലും അവർ ഇന്ത്യൻ ശരീഅത്തിനെപ്പറ്റി പ്രസംഗിക്കാൻ മടിയ്ക്കില്ല. അതിനാൽ ഇന്ത്യൻ ശരീഅത്തും ഇസ്‌ലാമിക ശരീഅത്തും തമ്മിലുള്ള ബന്ധം ആദ്യമായി പരിശോധിക്കാം.

ശരീഅത്താക്ട്എന്ന നാമധേയത്തിൽ ഇന്ത്യയിൽ നിലവിലിരിക്കുന്ന മുസ്‌ലിം വ്യക്തിനിയമം ഇസ്‌ലാമിക ശരീഅത്താണോ? പരിശുദ്ധിയോ, അപ്രമാദിത്വമോ ഇന്ത്യൻ ശരീഅത്താക്ടിനുണ്ടോ? ഇതാണ് പ്രഥമവും പ്രധാനവുമായ പ്രശ്നം. ഇസ്‌ലാമിക ശരീഅത്തിന്റെ കർത്താവ് സർവ്വജ്ഞനും സർവ്വശക്തനുമായ അല്ലാഹു അത്രെ. ഇന്ത്യൻ ശരീഅത്താക്ടിന്റെ കർത്താവോ ആംഗ്ലേയനും. ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്നു കെട്ടുകെട്ടിയത് 1947-ലാണല്ലോ. അതിന്റെ ഒരു ദശാബ്ദത്തിനുമ്പ്, അതായത്, 1937 ൽ അന്നത്തെ കേന്ദ്രനിയമനിർമ്മാണ സഭ, ഇന്ത്യൻ മുസ്‌ലിംകൾക്കായി ഒരു നിയമം നിർമ്മിച്ചു. അതിന് 'ശരീഅത്താക്ട്' എന്നാണ് തന്ത്രശാലികളായ ബ്രിട്ടീഷുകാർ കൊടുത്ത നാമധേയം. ഇതിനെത്തുടർന്ന്, 1939 ലും മറ്റു പലപ്പോഴുമായി ഓരോ ആക്ടുകൾ നിലവിൽ വന്നു. ഇന്നവ 'മുസ്‌ലിം വ്യക്തിനിയമം' എന്ന പേരിൽ അറിയപ്പെടുന്നു.

ഇന്ത്യൻ ശരീഅത്താക്ട് അതേപടി നിലനിർത്തണമോ വേണ്ടയോ എന്നുള്ളത് മറ്റൊരു പ്രശ്നമാണ്. അതേപ്പറ്റി, ഇതെഴുതുന്ന ആളിന്റെ നിലപാട് പിന്നീട് ഉണർത്തിക്കൊള്ളാം. എന്നാൽ അതിന് മുമ്പായി ഒരു സംഗതി തുറന്നു പറയേണ്ടതുണ്ട്. ഇന്ത്യൻ ശരീഅത്താക്ട് ഇസ്‌ലാമിക ശരീഅത്തല്ല. ഇസ്‌ലാമിക ശരീഅത്തിന്നുള്ളതായി വിചാരിക്കപ്പെടുന്ന സവിശേഷതകളോ, പരിപാവനതയോ, അപ്രമാദിത്വമോ ഒന്നും ഇന്ത്യൻ ശരീഅത്താക്ടിനില്ല. ഇസ്‌ലാമിക ശരീഅത്തിനേയും ഇന്ത്യൻ ശരീഅത്തിനേയും കൂട്ടിക്കുഴച്ചുള്ള നിരൂപണവും പരാമർശവുമാണ്, പാർലമെണ്ടു മുതൽ അങ്ങാടിത്തെരുവു വരെ ഇന്നു സ്വീകരിച്ചുകാണുന്ന ശൈലി. ഈ അവിയൽ പരാമർശ ശൈലി ശ്രോതാക്കളെ ആശയക്കുഴപ്പത്തിലും തെറ്റുധാരണയിലും കുടുക്കിയിടാനല്ലാതെ, മറ്റൊന്നിനും പ്രയോജനപ്പെടുകയില്ല എന്നാണ് ഇയ്യുള്ളവന്റെ അഭിപ്രായം.

## എന്താണ് ഇസ്‌ലാമിക ശരീഅത്ത്?

ഏകദൈവത്വസിദ്ധാന്തത്തി (തൗഹീദി)ൽ അധിഷ്ഠിതമാകുന്നു ഇസ്‌ലാമിക ശരീഅത്ത്. ഏകത്വസിദ്ധാന്തത്തിൽനിന്നാണ് ഇസ്‌ലാമിക ശരീഅത്തിന്റെ ഉൽപത്തി. ഇസ്‌ലാമിക വീക്ഷണത്തിൽ മനുഷ്യന് വേണ്ടി ജീവിത നിയമം നിർമ്മിക്കുവാൻ ഏകനായ അല്ലാഹുവിന് മാത്രമേ അധികാരവും അർഹതയുമുള്ളൂ. കാരണം, അവനാണ് സർവ്വജ്ഞനും സർവ്വശക്തനും. മനുഷ്യന്റെ മേൽ സ്വേഛാനുസൃതം ഒരു വിധിയോ വിലക്കോ കൊണ്ടുവരുവാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും അധികാരമില്ല; അവകാശവുമില്ല. എന്തെന്നാൽ മനുഷ്യനെ സൃഷ്ടിച്ചത് അല്ലാഹുവാകയാൽ, മനുഷ്യന്റെ മേൽ നിയന്ത്രണം ചെലുത്തുവാനുള്ള പരമാധികാരം അവനായിരിക്കണമെന്നാണ് യുക്തി സിദ്ധാന്തിക്കുന്നത്.

ഇസ്‌ലാമിന്റെ പ്രഥമവും പ്രധാനവുമായ പ്രമാണം പരിശുദ്ധ ഖുർആനത്രെ. യാതൊരർത്ഥശങ്കക്കും ഇടം നൽകാത്തവിധം പ്രസ്തുത തത്വം ഖുർആൻ ആവർത്തിച്ചുറപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഏതാനും മൊഴികൾ കാണുക:

"ശ്രദ്ധിക്കുക: അവനുള്ളതാണ് സൃഷ്ടിയും ശാസനാധികാരവും." (ഖുർആൻ 7:54)

"അല്ലാഹുവിനല്ലാതെ (മറ്റാർക്കും) വിധി (ക്കുള്ള അധികാരം) ഇല്ല." (12:40)

"നബീ പറയുക: ശാസനാധികാരം മുഴുവൻ അല്ലാഹുവിനാകുന്നു, നിശ്ചയം! "(3:154)

അല്ലാഹുവിന്റെ അനുമതികൂടാതെ സ്വേഛാനുസൃതം ഒരു കാര്യം വിധിക്കുവാനോ, വിലക്കുവാനോ മനുഷ്യന് അർഹതയില്ല. ഇസ്‌ലാംമത പ്രവാചകന് പോലും അതിന് അവകാശം നല്കപ്പെട്ടിട്ടില്ല. ഖുർആൻ ഖണ്ഡിതമായി പറയുന്നു:

"(ഓ നബീ,) ശാസനാധികാരത്തിൽ യാതൊന്നും താങ്കൾക്കില്ലതന്നെ." (3:128)

അപ്പോൾ അല്ലാഹു ആജ്ഞാപിച്ചതു നിരോധിക്കുവാനോ, നിരോധിച്ചതു ആജ്ഞാപിക്കുവാനോ പ്രവാചകന് പോലും പാടുള്ളതല്ല. അല്ലാഹു അനുവദിച്ചിരുന്ന ഒരു സംഗതി, ഒരിക്കൽ പ്രവാചകൻ തനിക്ക് വേണ്ടെന്ന് നിശ്ചയിക്കുകയുണ്ടായി. ഉടൻ ദൈവത്തിങ്കൽ നിന്നു താക്കീത് വന്നു:

"അല്ലയോ പ്രവാചകാ, അല്ലാഹു താങ്കൾക്കു അനുവദനീയമായി കല്പിച്ചിട്ടുള്ളതു താങ്കൾ നിഷിദ്ധമാക്കുന്നതെന്ത്?" (66:1)

ഉപര്യുക്തമായ ഖുർആൻ വചനങ്ങളെല്ലാം ആവർത്തിച്ചുറപ്പിച്ചിരിക്കുന്നത്, ഒരേയൊരു തത്വമാണ്. വിധിവിലക്കിനുള്ള പരമാധികാരി അല്ലാഹുവാണ് എന്നുള്ളതാണത്. അപ്പോൾ വല്ലവനും വല്ലതും യഥേഷ്ടം വിധിക്കുകയോ, വില

ക്കുകയോ ചെയ്താൽ, ഇസ്‌ലാമിക ദൃഷ്ട്യാ അത് അനധികൃതമാണ്. അത്തരം വിധിവിലക്കുകൾക്കൊന്നും ദൈവിക ശരീഅത്തിൽ സ്ഥാനമോ പരിശുദ്ധിയോ ഇല്ല.

പ്രവാചകനടക്കം മുസ്‌ലിംകളുടെ ചുമതല ദൈവനിർദ്ദിഷ്ടമായ വിധിവിലക്കുകൾ നടപ്പിൽ വരുത്തുകയെന്നതാണ്. ദൈവിക വിധിവിലക്കുകൾക്കെതിരെ മറ്റാരെങ്കിലും കൊണ്ടുവന്നിട്ടുള്ള വിധിവിലക്കുകൾ നിലനിർത്തുകയോ, അവയ്ക്കനുസൃതമായി പ്രശ്നം തീരുമാനിക്കുകയോ ചെയ്യുന്നതു ഇസ്‌ലാമിക ദൃഷ്ട്യാ ദൈവധിക്കാരവും അവിശ്വാസവും അക്രമവുമാകുന്നു. ഖുർആൻതന്നെ പറയട്ടെ:

"അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിനൊത്ത് ആർ വിധി നടത്തിയില്ലയോ, അവരാണ് അവിശ്വാസികൾ......... അവരാണ് അക്രമികൾ......... അവരാണ് ധിക്കാരികൾ!" (5:44,45,47)

ചുരുക്കത്തിൽ ദൈവികവിധിവിലക്കുകൾക്കാണ് ഇസ്‌ലാമിക ശരീഅത്ത് എന്ന പേരും പദവിയുമുള്ളത്. മനുഷ്യനിർമ്മിതനിയമങ്ങൾക്കൊന്നും ആ പദവിയില്ല. അവക്ക് ഇസ്‌ലാമിക വീക്ഷണത്തിൽ പരിശുദ്ധിയോ, അപ്രമാദിത്വമോ കല്പിക്കപ്പെട്ടിട്ടുമില്ല. വല്ലവനും അങ്ങനെ അവകാശപ്പെടുന്ന പക്ഷം, അവൻ ആ നിയമകർത്താവിനെ ദൈവത്തിന്റെ പദവിയിലേക്ക് ഉയർത്തിവെക്കുന്നുവെന്നാണ് അതിനർഥം. മറ്റൊരു വിധം പറഞ്ഞാൽ, അവൻ ആ നിയമകർത്താവിനെ 'റബ്ബായി' അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഗുരുതരമായ ഈ അപരാധമാണ്, ജൂതന്മാരും ക്രിസ്ത്യാനികളും ചെയ്തതായി ഖുർആൻ ആക്ഷേപിച്ചത്. തങ്ങളുടെ ധാർമ്മിക നേതാക്കന്മാരുടേയും പുരോഹിതന്മാരുടേയും വിധിവിലക്കുകളെ ജൂതന്മാരും ക്രിസ്ത്യാനികളും ദൈവികവിധിവിലക്കുകളായി ആദരിച്ചിരുന്നു. അതിനെപ്പറ്റി ഖുർആൻ പറഞ്ഞതു നോക്കുക:

"അവർ അവരുടെ ശാസ്ത്രിമാരേയും (ധർമ്മശാസ്ത്ര നേതാക്കന്മാർ) പരീശന്മാരേയും (പുരോഹിതന്മാർ) അല്ലാഹുവിനെ വിട്ടിട്ടു ഈശ്വരന്മാരായി അംഗീകരിച്ചു. (ക്രിസ്ത്യാനികളാകട്ടെ,) മർയമിന്റെ പുത്രൻ മസീഹിനേയും. (വാസ്തവത്തിൽ അവർക്കാക്കും ഇബാദത്ത് ചെയ്യുവാനായിരുന്നില്ല,) ഒരേയൊരു ദൈവത്തിന് ഇബാദത്ത് ചെയ്യുവാൻ മാത്രമായിരുന്നു അവർ അനുശാസിക്കപ്പെട്ടത്. അവനല്ലാതെ ദൈവമില്ലതാനും. അവർ പങ്കുചേർക്കുന്നതിൽനിന്നും എത്രയോ പരിശുദ്ധനത്രെ അവൻ! " (9:31)

ജൂത-ക്രിസ്ത്യാനികളുടെ പേരിൽ ഗുരുതരമായ മൂന്നു ആരോപണങ്ങളാണ് ഖുർആൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. (1) അവർ ശാസ്ത്രിമാരേയും പരീശന്മാരേയും ഈശ്വരന്മാരായി അംഗീകരിച്ചു.(2) ശാസ്ത്രിമാർക്കും പരീശന്മാർക്കും ഇബാദത്ത് ചെയ്തു.(3) തദ്വാരാ, അവർ ശിർക്ക് (ബഹുദൈവ പൂജ) ചെയ്തു. എന്നാൽ ക്രിസ്ത്യാനികളും ജൂതന്മാരും ശാസ്ത്രിമാരേയും പരീശന്മാരേയും ആരാധിച്ചിരുന്നില്ലെന്ന് വ്യക്തമാണ്. പിന്നയോ, അവരുടെ വിധിവിലക്കുകൾക്കു ദൈവിക വിധിവിലക്കുകളുടെ പദവി നല്കി ആദരിച്ചിരുന്നു. അതാണ് അവർക്കുള്ള ഇബാദത്തെന്ന് ഇവിടെ ഖുർആൻ പറഞ്ഞതും. ഈ വസ്തുത ഒരു ചോദ്യത്തിന്റെ മറുപടിയിൽ പ്രവാചകൻ അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്.

ആകയാൽ ഇസ്‌ലാമിക ശരീഅത്തിന്റേതായ പദവി മറ്റാരുടേയും വിധിവിലക്കുകൾക്കില്ലാത്തതാകുന്നു. വല്ല വിധിക്കും, ആ സ്ഥാനം നല്കുന്നതു വമ്പിച്ച അപരാധവും മഹാബദ്ധവുമത്രെ. ഇന്ത്യൻ ശരീഅത്താക്ടിന് ആ പദവിയാണ് ഇന്ത്യൻ മുസ്‌ലിംകൾ കല്പിക്കുന്നതെങ്കിൽ അവർ ജൂത ക്രിസ്ത്യാനികൾ ചെയ്ത അതേ കുറ്റം ആവർത്തിക്കുന്നുവെന്നാണ് അർഥം. ഈ അബദ്ധം തിരുത്തുവാൻ കാലം വൈകിയിരിക്കുന്നു.

## ശരീഅത്തിന്റെ മൂല സ്രോതസ്സ്

അല്ലാഹുവിന്റെ സുവ്യക്തമായ വിധിവിലക്കുകളാണ് വാസ്തവത്തിൽ ഇസ്‌ലാമിക ശരീഅത്ത്. മനുഷ്യരുടെ നിഗമനങ്ങളല്ല. അല്ലാഹുവിന്റെ വിധിവിലക്കുകൾ എങ്ങനെ അറിയും? ഇതിനു ഒറ്റ മാർഗമേയുള്ളൂ; പ്രവാചകൻ. അല്ലാഹുവിന്റെ വിധികളും വിലക്കുകളും അടങ്ങിയ ഒരു ദിവ്യഗ്രന്ഥം പ്രവാചകൻ മാനവ ലോകത്തിന്റെ സമക്ഷം സമർപ്പിച്ചിട്ടുണ്ട്. അതിന്റെ പേരത്രെ ഖുർആൻ. ചെറുതും വലുതുമായ നൂറ്റിപ്പതിനാല് അധ്യായങ്ങളടങ്ങിയ ഖുർആനിൽ തന്റെ വിധിവിലക്കുകളെല്ലാം അടങ്ങിയിട്ടുണ്ടെന്ന് അല്ലാഹു അവകാശപ്പെടുന്നു. ഖുർആന്റെ മറ്റൊരു പേരാകുന്നു 'അൽകിതാബ്' അൽകിതാബിനെ അല്ലാഹു വിശേഷിപ്പിച്ചത് കാണുക: "(നബീ,) താങ്കൾക്കിതാ നാം അൽകിതാബ് അവതരിപ്പിച്ചിരിക്കുന്നു, എല്ലാ ഓരോ സംഗതിയും വിശദീകരിച്ചുകൊണ്ട്" (16:89).

"നാം അൽകിതാബിൽ (പ്രതിപാദിക്കാതെ) യാതൊരു സംഗതിയും വിട്ടുകളഞ്ഞിട്ടില്ല "(6:38).

എന്നിരിക്കുമ്പോൾ മറ്റൊരു വിധിയുടേയോ വിധി കർത്താവിന്റേയോ ആവശ്യം തന്നെ അവശേഷിക്കുന്നില്ല. പ്രവാചകന്റെ ജിഹ്വയിലൂടെ ഖുർആൻ ഉദ്ധരിച്ചതു നോക്കുക:

"അല്ലാഹുവല്ലാത്ത ഒരു വിധികർത്താവിനെ ഞാൻ അന്വേഷിക്കുകയോ? അവനാകട്ടെ, എല്ലാ സംഗതിയും സവിസ്തരം പ്രതിപാദിച്ചുകൊണ്ട്, നിങ്ങൾക്ക് അൽകിതാബ് അവതരിച്ചിട്ടുണ്ടുതാനും (6:115).

ശരീഅത്ത് വിധിവിലക്കുകളെ സംബന്ധിച്ചിടത്തോളം ഖുർആന്റെ-അൽകിതാബിന്റെ -സമഗ്രതയും സാർവ്വവ്യാപകത്വവും തെളിയിക്കുന്ന വചനങ്ങൾ നിരവധിയാണ്. ഉദാഹരണത്തിന് ചില മൊഴികൾ ഉദ്ധരിച്ചുവെന്നു മാത്രം. അതിനാൽ ഇസ്‌ലാമിക ശരീഅത്തിലെ വിധിവിലക്കുകൾ മറ്റെവിടെയും തിരക്കേണ്ട ഭാരം ദൈവദാസന്മാരുടെ മേൽ വഹിക്കപ്പെട്ടിട്ടില്ല.

എന്നാൽ ദൈവിക വിധിവിലക്കുകൾ നടപ്പിൽ വരുത്തേണ്ട പ്രായോഗിക രൂപം പലപ്പോഴും സ്വയം വ്യക്തമായിരിക്കണമെന്നില്ല. അതുകൊണ്ട് ആ പ്രായോഗിക രൂപങ്ങൾ വിശദീകരിക്കുവാനും നടപ്പിൽ വരുത്തി മാതൃക കാണിക്കുവാനും പ്രവാചകനെ തന്നെ ഖുർആൻ ചുമതലപ്പെടുത്തുന്നു:

"(സത്യവിശ്വാസികളേ)അല്ലാഹുവിന്റെ ദൂതനിൽ നിങ്ങൾക്കുത്തമ മാതൃകയുണ്ട് (33:21).

"(നബീ,) നാം താങ്കൾക്ക് ഈ 'ഉദ്ബോധനം' (ഖുർആൻ) അവതരിപ്പിച്ചിട്ടുള്ളത്, ജനങ്ങൾക്ക് അവതീർണ്ണമായതെന്തെന്നു താങ്കൾ വിശദീകരിക്കുവാൻ വേണ്ടിയാകുന്നു"(16:44).

ആകയാൽ ഇസ്‌ലാമിക ശരീഅത്തിന്റെ മൂലപ്രമാണം ഖുർആനാകുന്നു. ഖുർആനിൽ വ്യക്തമാക്കിയ വിധിവിലക്കുകളാണ് ശരീഅത്ത്. വേറൊന്നിനും ശരീഅത്തിന്റെ പദവിയില്ല. ഖുർആനിക വിധിവിലക്കുകൾക്ക് പ്രായോഗിക മാതൃക കാണിക്കുവാൻ പ്രവാചകൻ ചുമതലപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിക ശരീഅത്തിന്റെ യഥാർഥ സവിശേഷതകളാണ് ഇത്രയും നാം പ്രതിപാദിച്ചത്.

ഇതിലൊന്നും തന്നെ സ്വന്തം നിഗമനങ്ങൾ ഉൾച്ചേർന്നിട്ടില്ല. ഖുർആൻ തന്നെ പലേടങ്ങളിലായി വെട്ടിത്തുറന്നു പ്രസ്താവിച്ച തത്വങ്ങൾ മാത്രമാണിവ. അതിനാൽ അല്ലാഹു അവതരിപ്പിക്കാത്തതും പ്രവാചകൻ മാതൃക കാണിക്കാത്തതുമായ വിധിവിലക്കുകളൊന്നും ഇസ്‌ലാമിക നിയമത്തിൽ പെടുന്നില്ലെന്നു തീർച്ചയാണ്. അവക്ക് ഇസ്‌ലാമിക നിയമത്തിന്റെ പരിശുദ്ധിയും അപ്രമാദിത്വവുമില്ല. ഖുർആനിൽ വ്യക്തമാക്കിയ ആ നിരോധങ്ങൾക്കാകട്ടെ, ഭേദഗതി വരുത്താവതുമല്ല. മുസ്‌ലിം ലോകമൊന്നടങ്കം ഏകോപിച്ചാലും -ഇതാണല്ലോ ഏറ്റവും വലിയ ഇജ്മാഅ്-ഖുർആനിക വിധിവിലക്കുകളിൽ യാതൊരു മാറ്റവും വരുത്തിക്കൂടാത്തതാകുന്നു. അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ വചനങ്ങൾക്കു ഭേദഗതിയില്ല" (10:64),

"അല്ലാഹുവിന്റെ വചനങ്ങളെ മാറ്റുന്ന ഒരു ശക്തിയുമില്ല" (6:34,110)

മേൽ വിവരിച്ച പ്രമാണങ്ങളുടെ വെളിച്ചത്തിൽ നിലവിലുള്ള ശരീഅത്താക്ടിനെ ഇനി നമുക്കൊന്നു വിലയിരുത്താം:

### ശരീഅത്താക്ടിന്റെ ഉറവിടം

ശരീഅത്താക്ടിന്റെ കർത്താവ് അല്ലാഹുവല്ല; അതിന്റെ മൂലപ്രമാണം ഖുർആനല്ല; അതിന് പ്രായോഗിക രൂപം നൽകി മാതൃക കാണിച്ചത് പ്രവാചകനല്ല; അതിനാൽ അത് ഇസ്‌ലാമിക ശരീഅത്തുമല്ല. പകൽ വെളിച്ചം കണക്കെ വ്യക്തമായ ഈ യാഥാർത്ഥ്യത്തിന്റെ നേരെ കണ്ണടച്ചിട്ടാവശ്യമില്ല. ഒരു യാഥാർത്ഥ്യത്തെ യാഥാർഥ്യമായി അംഗീകരിക്കാതിരിക്കുന്നത് ബുദ്ധിശൂന്യതയത്രെ. അതുകൊണ്ട് പറ്റുന്ന ദോഷം യാഥാർത്ഥ്യത്തിന്നാവില്ല; അതംഗീകരിക്കാത്തവർക്കായിരിക്കും.

ഇന്ത്യൻ ശരീഅത്താക്ടിന്റെ കർത്താക്കൾ ബ്രിട്ടീഷുകാരാകുന്നു. അതിന്റെ മൂലപ്രമാണം ഖുർആനോ സുന്നത്തോ അല്ല. ചില മുസ്‌ലിം പണ്ഡിതന്മാരുടെ കൃതികളും അവയ്ക്കു ആംഗ്ലേയസായ്പുമാർ എഴുതിയ പരിഭാഷകളും അനിസ്‌ലാമിക കാലത്തെ മാമൂലുകളും പാശ്ചാത്യരുടെ നീതിന്യായ സങ്കല്പങ്ങളുമാണ് ഇന്ത്യൻ ശരീഅത്ത് നിയമത്തിന്റെ ഉറവിടം. പോരാത്തതിന് പല അമുസ്‌ലിം ന്യായാധിപന്മാരുടെ നിയമ വ്യാഖ്യാനങ്ങളും അതിനോടിഴുകിപ്പിടിച്ചിട്ടുണ്ട്.

ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്തും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം പോലുമില്ല. രണ്ടിന്റേയും ലക്ഷ്യങ്ങളും ഭിന്നമാണ്. ദൈവിക നീതിയുടെ സംസ്ഥാപനമാണ് ഇസ്‌ലാമിക ശരീഅത്തിന്റെ ലക്ഷ്യമെങ്കിൽ, തനതു കർത്താക്കളുടെ നീതി പുലർത്താനാണ് ഇന്ത്യൻ ശരീഅത്തിന്റെ ലക്ഷ്യം:

"അവൾ കിഴക്കോട്ടു നടന്നു. നീയോ, പടിഞ്ഞാറോട്ടും. പ്രാചിയും പ്രതീചിയും തമ്മിൽ എന്തുമാത്രം അകൽച്ച!"

ഇന്ത്യൻ ശരീഅത്താക്ടിന്റെ അടിസ്ഥാന പ്രമാണങ്ങൾ ഇവയത്രെ:

1)ക്രി. 1197-ൽ അന്തരിച്ച ശൈഖ് ബുർഹാനുദ്ദീൻ അലി എന്ന ഒരു ഹനഫി പണ്ഡിതനാൽ വിരചിതമായ 'അൽഹിദായത്തു ഫിൽ ഫുറൂഅ് ' എന്ന ഗ്രന്ഥം.

11) മുഗൾ ചക്രവർത്തിമാരിലൊരാളായ ഔറംഗസീബ് ആലംഗീറി (ക്രി. 1618-1707) ന്റെ ഭരണകാലത്ത് ഏതാനും മുസ്‌ലിം പണ്ഡിതന്മാർ ചേർന്നു ക്രോഡീകരിച്ച 'ഫത്‌വാ സമാഹാരം' ഇതിന് 'ഫതാവാ ആലംഗീരിയ്യഃ' എന്നാണ് പേർ--ഇവ രണ്ടുമാണ് സുന്നീ നിയമങ്ങൾക്കാധാരം.

111) ഒരു ശീഈ പണ്ഡിതനായ നജ്മുദ്ദീൻ ജഅ്ഫറുബ്നു മുഹമ്മദ് ഹില്ലി (ക്രി. 1205-1277) എഴുതിയ 'ശറായിഉൽ ഇസ്‌ലാം' എന്ന പുസ്തകം-ഇതാണ് ശീഈ നിയമത്തിനടിസ്ഥാനം.

അൽഹിദായഃക്ക് ചാത്സ് ഹാമിൽടൻ ഇംഗ്ലീഷിൽ എഴുതിയ പരിഭാഷയും ഫതാവാ ആലംഗീരിയ്യഃക്കും ശരാഇഉൽ ഇസ്‌ലാമിനും മറ്റൊരു ആംഗ്ലേയനായ ബെയ്‌ല്ലി എഴുതിയ വിവർത്തനങ്ങളും മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. മറ്റൊന്നിനും പ്രാമാണ്യതയില്ല. ഇതോടൊപ്പം അനിസ്‌ലാമിക കാലത്തെ മാമൂലുകളും പാശ്ചാത്യരുടെ നീതിന്യായ സങ്കല്പങ്ങളും ഒട്ടേറെ കോടതിവിധികളും ഇന്ത്യൻ ശരീഅത്താക്ടിന്റെ അടിസ്ഥാനപ്രമാണങ്ങളായി സ്വീകരിച്ചിട്ടുണ്ട്.

ഖുർആനും സുന്നത്തും ഇജ്മാഉം ഖിയാസുമാണ് ശരീഅത്ത് നിയമങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളെന്നു പറയുന്നുണ്ടെങ്കിലും യാഥാർഥ്യം മറ്റൊന്നാണ്. മേൽ പ്രസ്താവിച്ച പ്രമാണങ്ങൾക്കെതിരായി വല്ല ഖുർആനിക നിർദേശമോ പ്രവാചക ചര്യയോ ഉണ്ടെന്നു തെളിഞ്ഞാലും അവ അംഗീകരിക്കാൻ കോടതികൾക്കധികാരമുള്ളതല്ല. ഒരു കോടതിവിധിയിൽ ഇസ്സംഗതി അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. "പുരാതന നിയമഗ്രന്ഥങ്ങളേയോ, ഖുർആനേയോ വ്യാഖ്യാനിച്ച്, സാധാരണ നീതിന്യാത്തിന് വിപരീതമായ അർഥം കല്പിച്ച പുതിയ ചട്ടങ്ങളുള്ളതായി സ്ഥാപിക്കുവാൻ ഒരു കോടതിക്കും അധികാരമുള്ളതല്ല." (ബക്കർ അലി V. അൻജുമാൻ (1902) വാള്യം 25 അലഹബാദ് പേജ് 236)

ഇതേ തത്വം ഊന്നിപ്പറയുന്ന വേറൊരു പ്രിവി കൗൺസിൽ വിധി കാണുക:

"ഖുർആനിലെ ഉദ്ധരിണകളെ പ്രമാണമാക്കി കോടതികൾക്ക് തീരുമാനമെടുക്കുവാൻ പാടുള്ളതല്ല. ....'ഹിദായഃ' യിൽ ഉദ്ധരിച്ച പ്രകാരവും ബെയ്‌ല്ലിയുടെ 'ഇമാമിയ്യഃ' യിൽ ഉദ്ധരിച്ച പ്രകാരവും മാത്രമാണ് കോടതികൾ വിധികല്പിക്കേണ്ടത്." (ആഗാമഹമ്മദ് V. കുൽസൂം ബീബി (1897) വാള്യം 24. I.A പേജ് 196, 203-4)

ഇന്ത്യൻ ശരീഅത്ത് നിയമം ഖുർആന്നും സുന്നത്തിനും കല്പിച്ച സ്ഥാനമാണ് നാമിക്കണ്ടത്. ബെയ്‌ല്ലിയാണ് ഫലത്തിൽ അതിന്റെ അന്തിമ പ്രമാണം. ബെയ്‌ല്ലി പറഞ്ഞതിനെതിരായി വലത്തോട്ടോ ഇടത്തോട്ടോ തിരിഞ്ഞുനോക്കാൻ പോലും കോടതികൾക്കു പാടുള്ളതല്ല. ഖുർആന്നും സുന്നത്തിനും ആദിമകാലത്തെ മുസ്‌ലിംകളും മുസ്‌ലിം ഖലീഫമാരും നല്കിയ വ്യാഖ്യാനങ്ങൾപോലും സ്വീകാര്യമല്ല. ഇതേ ആക്ടിനാണ് നാം ഇസ്‌ലാമിക ശരീഅത്തിന്റെ പദവി കല്പിച്ചുകൊടുക്കുന്നതെങ്കിൽ ഖുർആൻ അധിക്ഷേപിച്ച ജൂത ക്രിസ്ത്യാനികളും ഇന്ത്യൻ മുസ്‌ലിംകളും തമ്മിൽ എന്താണൊരന്തരമുള്ളത്? ജൂതന്മാരിലൊരു വിഭാഗത്തിന്റെ കഥ ഖുർആൻ ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു. "വേദം നൽകപ്പെട്ടിട്ടുള്ളവരിൽ ഒരു വിഭാഗം അല്ലാഹുവിന്റെ ഗ്രന്ഥത്തെ അവരുടെ പിൻപുറത്തേക്കു വലിച്ചെറിഞ്ഞിരിക്കുകയാണ് (2:101).

ഹനഫിപ്രസ്ഥാനത്തിന്റെ സ്ഥാപകനും ഹനഫികളുടെ പ്രഥമാചാര്യനുമാണല്ലോ ഇമാം അബൂ ഹനീഫ(റ). അദ്ദേഹം സ്വന്തം കൈകൊണ്ട് ഒരു പുസ്തകം എഴുതിയിട്ടില്ല. അദ്ദേഹത്തിന്റെ ധർമ്മശാസ്ത്രപരമായ നിഗമനങ്ങൾ ശിഷ്യജനങ്ങളാണ് പ്രചരിപ്പിച്ചത്. ഇന്ത്യൻ ശരീഅത്താക്ടിൽ ആ

മഹാന് നല്കിയ സ്ഥാനം വളരെ അവഹേളനാപരമാണ്. ആചാര്യനും ശിഷ്യന്മാരും തമ്മിൽ ഒരു വിഷയത്തിൽ അഭിപ്രായാന്തരമുണ്ടായിട്ടുണ്ടെങ്കിൽ ആചാര്യന്റെ നിഗമനത്തിനല്ല, ശിഷ്യന്മാരുടെ അഭിപ്രായത്തിനാണ് പ്രാമാണ്യം കല്പിക്കുക:

"ഹനഫി നിയമവ്യാഖ്യാനത്തിന്റെ പൊതുനിയമം, അബൂഹനീഫയും അദ്ദേഹത്തിന്റെ ശിഷ്യന്മാരും തമ്മിൽ അഭിപ്രായ വിത്യാസമുണ്ടാകുമ്പോൾ, ശിഷ്യന്മാരുടെ അഭിപ്രായം പരിഗണിക്കപ്പെടണമെന്നാണ്. ("ആഗാ അലി ഖാൻ V.അൽത്താഫ് ഹസൻ ഖാൻ (1892) വാള്യം 14 അല്ലഹബാദ് പേജ് 429)

ഒരു പ്രശ്നത്തിൽ മുസ്‌ലിംകൾതമ്മിൽ ഭിന്നാഭിപ്രായമുളവായാൽ ആ പ്രശ്നം അല്ലാഹുവിന്റേയും റസൂലിന്റേയും തീരുമാനത്തിന് വിട്ടുകൊടുക്കുവാനാണ് ഖുർആൻ അനുശാസിക്കുന്നത്. അതായത്, ഖുർആനിലും സുന്നത്തിലും വിവരിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ തീർപ്പുകല്പിക്കണമെന്ന് അല്ലാഹു പറയുന്നു:

"നിങ്ങൾ ഒരു വിഷയത്തിൽ തർക്കമായാൽ അതു അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അതാണുത്തമം. പരിണാമംകൊണ്ടു ഏറ്റവും ഭംഗിയായതും അതുതന്നെ!" (4:59)

എന്നാൽ തർക്കപ്രശ്നത്തിൽ ഇന്ത്യൻ ശരീഅത്താക്ട് അല്ലാഹുവിന്റേയും റസൂലിന്റേയും സ്ഥാനം കല്പിച്ചുകൊടുത്തിട്ടുള്ള പാശ്ചാത്യൻ 'ധർമ്മന്യായ' ത്തിനാണ്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ അവരുടെ ധാർമ്മികവും നീതിന്യായപരവുമായ സങ്കല്പങ്ങൾക്ക്. ഒരു കോടതി വിധിയിൽ പറയുന്നു:

"അഭിപ്രായ അനൈക്യമുണ്ടാവുമ്പോഴും കോടതിയ്ക്കു മാർഗദർശനം നൽകുവാൻ വ്യക്തമായ നിയമമില്ലാത്തപ്പോഴും ധർമ്മന്യായത്തിന് അനുയോജ്യമായ അഭിപ്രായം കോടതി സ്വീകരിച്ചുകൊള്ളേണ്ടതാണ്." (അസീസ് ബാനോ V. മുഹമ്മദ് (1925) വാള്യം 47 അല്ലഹാബാദ് പേജ് 823)*

## ഇന്ത്യൻ ശരീഅത്താക്ടിലെ ഉള്ളടക്കം

സാർവ്വജനീനവും സമഗ്രവും സർവ്വവ്യാപകവുമായ ഒരു പദ്ധതിയാണ് ഇസ്‌ലാമിക ശരീഅത്ത്. മനുഷ്യന്റെ സുപ്രധാന ജീവിതവശങ്ങളൊന്നും അതു വിട്ടുകളഞ്ഞിട്ടില്ല. ആരാധനകൾ, സാമ്പത്തിക വ്യവഹാരങ്ങൾ, കൊള്ളക്കൊടുക്കകൾ, കുടുംബബന്ധങ്ങൾ, ഗൃഹജീവിതത്തിലെ അവകാശ ബാധ്യതകൾ, സാമൂഹ്യമര്യാദകൾ, ധാർമ്മിക മൂല്യങ്ങൾ, രാഷ്ട്രീയ സിദ്ധാന്തങ്ങൾ, ഭരണതത്വങ്ങൾ, യുദ്ധമുറകൾ, സന്ധിവ്യവസ്ഥകൾ, സിവിലും ക്രിമിനലുമായ നിയമ നടപടിക്രമങ്ങൾ, നീതിന്യായ നടപടികൾ, സാക്ഷിനിയമങ്ങൾ- എല്ലാമെല്ലാം അതിന്റെ വിശാലമായ വരുതിക്കുള്ളിൽ വരുന്നു. ഒരു പരിഷ്കൃത സമുദായത്തെ വാർത്തെടുക്കുവാൻ അനിവാര്യമായ അടിസ്ഥാനനിർദ്ദേശങ്ങളിലൊന്നും തന്നെ വിട്ടുകളഞ്ഞിട്ടില്ല. വിശുദ്ധഖുർആനും പ്രവാചക ചര്യയും അവഗാഢം പഠിക്കുന്ന ഏതൊരു വ്യക്തിക്കും ഈ വസ്തുത ബോധപ്പെടുന്നതാണ്.

ഇന്ത്യൻ ശരീഅത്തിന്റെ സ്ഥിതിയോ? വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം, വഖ്ഫ്, വസിയ്യത്ത്, രക്ഷാകർതൃത്വം, ഇഷ്ടദാനം, മരണശയ്യാദാനം തുടങ്ങി വെറും ഗൃഹജീവിതപരമോ, വ്യക്തിയുടെ സ്വത്തുകൈകാര്യങ്ങളെസംബന്ധിച്ചതോ ആയ ഏതാനും ധർമ്മശാസ്ത്രനിയമങ്ങളാണ് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആതും ഖുർആന്റേയും സുന്നത്തിന്റേയും അടിസ്ഥാനത്തിലുള്ളതല്ലതാനും.ക്രിമിനൽ നടപടികൾക്കൊന്നും ഇന്ത്യൻ ശരീഅത്തിൽ പ്രവേശനമനുവദിച്ചിട്ടില്ല. ആരാധനാപരമായ വശം സ്പർശിക്കപോലും ചെയ്തിട്ടില്ല. സാക്ഷിനിയമങ്ങൾ അതിലുൾക്കൊള്ളുന്നില്ല. നീതിന്യായ വ്യവസ്ഥകൾ അനിസ്‌ലാമിക സംമ്പ്രദായത്തിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഇങ്ങനെയുള്ള ഒരു നിയമവ്യവസ്ഥയെ 'ശരീഅത്തെ' ന്നു വിളിക്കുന്നതുപോലും ഇസ്‌ലാമിനെ അവഹേളിക്കലാണ്.

ആകയാൽ ഇന്ത്യൻ ശരീഅത്താക്ട് നിലനിർത്തിപ്പോരുന്നത്, ഇന്ത്യൻ മുസ്സൽമാൻമാരെ സംബന്ധിച്ചിടത്തോളം ഗുണപ്രഥമോ, ആശാസ്യമോ അല്ലെന്നാണ് ഇതെഴുതുന്ന ആളിന്റെ പക്ഷം.

## ഫിഖ്ഹ് അഥവാ ധർമ്മ ശാസ്ത്രം

ഇസ്‌ലാമിക ശരീഅത്ത് എന്നു പറയുമ്പോൾ നിലവിലുള്ള 'ഫിഖ്ഹാ' ണ് വിവക്ഷിതമെന്നു ധരിച്ചവരുണ്ട്. എന്നാൽ വമ്പിച്ചൊരു മൗഢ്യധാരണയത്രെ ഇത്. ഇസ്‌ലാമിക ശരീഅത്തിന്റെ ഏതാനും അംശങ്ങൾ നിലവിലുള്ള കർമ്മശാസ്ത്രഗ്രന്ഥങ്ങളിലില്ലെന്നല്ല നാം പറയുന്നത്. അങ്ങനെ നോക്കിയാൽ അത്തരം അംശങ്ങൾ ഇന്ത്യൻ ശരീഅത്താക്ടിലും കാണാം. എന്നല്ല, ഇന്ന് ലോകത്ത് നടപ്പിലിരിക്കുന്ന മിക്ക നിയമവ്യവസ്ഥകളിലും, ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് ഇസ്‌ലാമികശരീഅത്തിന്റെ ഭാഗികമായ സ്വാധീനമുണ്ടെന്നു പറയാം. പക്ഷെ അതുകൊണ്ടു മാത്രം ആ നിയമവ്യവസ്ഥിതികൾ ഇസ്‌ലാമിക ശരീഅത്താണെന്ന് വിഡ്ഢികൾ പോലും അവകാശപ്പെടുകയില്ല. ഇതുപോലെതന്നെയാണ് നിലവിലുള്ള ധർമ്മശാസ്ത്രങ്ങളുടെ സ്ഥിതിയും. അവയിലുള്ള ശരീഅത്തംശങ്ങളല്ല പ്രധാനം; അവയുടെ പൊതുവായ ഘടനയാണ്. ഖുർആനും സുന്നത്തുമല്ല ധർമ്മശാസ്ത്രങ്ങളുടെ മൂലഘടകങ്ങൾ. പ്രത്യുത, അവക്കു ഓരോരോ ആചാര്യന്മാർ നല്കുന്ന വ്യാഖ്യാനമാണ്. പ്രസ്തുത വ്യാഖ്യാനങ്ങൾക്ക് ഇസ്‌ലാമിക ശരീഅത്ത് എന്നു പറയാമെങ്കിൽ ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങൾക്ക് ഖുർആനെന്നും പറയാമല്ലോ. എന്നാൽ അങ്ങനെ ഒരാളും പറയുകയില്ല.

ഇസ്‌ലാമിക ശരീഅത്ത് പ്രവാചകന്റെ ജീവിതകാലത്തുതന്നെ നടപ്പിലിരുന്നതാണ്. ഖുർആൻ തന്നെയാണ് ഇതിന് സാക്ഷി:

"അനന്തരം (നബീ,) താങ്കളെ നാം ശാസനാധികാരമുള്ള ഒരു ശരീഅത്ത് നടപ്പിൽ വരുത്തേണ്ടതിനായി നിശ്ചയിച്ചു. അതിനെ അവലംബമാക്കി ശാസന നടത്തുക. അല്ലാതെ അജ്ഞാനികളായ വരുടെ സ്വേഛകൾക്കു വശംവദനായി തീരരുത്"(45:18).

അപ്പോൾ ദൈവാജ്ഞയനുസരിക്കുന്ന പ്രവാചകൻതന്നെ നടപ്പിൽ വരുത്തി, മാതൃക കാണിച്ച ഒന്നാണ് ഇസ്‌ലാമിക ശരീഅത്ത്. എന്നാൽ നിലവിലിരിക്കുന്ന കർമ്മശാസ്ത്രപ്രസ്ഥാനങ്ങളൊന്നും പ്രവാചകന്റെ കാലത്തുണ്ടായിരുന്നില്ല എന്ന വാസ്തവം ഏതൊരു ചരിത്ര വിദ്യാർത്ഥിക്കും സുവിദിതമത്രെ. പിന്നെങ്ങനെ ഇസ്‌ലാമിക ശരീഅത്തും ധർമ്മശാസ്ത്രവും ഒന്നാണെന്നു പറയും.

പ്രവാചകന്റെ വിയോഗാനന്തരം രണ്ടും മൂന്നും നൂറ്റാണ്ടുകൾ കഴിഞ്ഞാണ് നിലവിലുള്ള ധർമ്മശാസ്ത്ര പ്രസ്ഥാനങ്ങളെല്ലാം ഉടലെടുത്തത്. അവയുടെ ആചാര്യന്മാരുടെ നിഗമനങ്ങൾ

ക്രോഡീകൃതമായത് പിന്നെയും കുറേ കഴിഞ്ഞാണ്. ക്രോഡീകൃത ധർമ്മ ശാസ്ത്ര പ്രസ്ഥാനങ്ങളിൽ ഏറ്റവും ആദ്യത്തേത് ഹനഫിധർമ്മശാസ്ത്ര പ്രസ്ഥാനമത്രെ. ഇതിന്റെ ഒന്നാമത്തെ ആചാര്യനാണ് ഇമാം അബൂ ഹനീഫ (റ). ഇദ്ദേഹത്തിന്റെ ജനനം ക്രി. 699 ലും മരണം ക്രി. 767ലും. എന്നാൽ ഇമാം അബൂഹനീഫ പോലും ഫിഖ്ഹിൽ ഒരു ഗ്രന്ഥം രചിച്ചിട്ടില്ല. ഇമാമിന്റെ നിഗമന ങ്ങളത്രയും തന്റെ ശിഷ്യന്മാരുടെ കൃതി കളിൽനിന്നാണ് നമുക്ക് കിട്ടുന്നത്.

പ്രചാരത്തിലുള്ള ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ ഖുർആന്റെയും സുന്നത്തിന്റെയും വീക്ഷാഗതിയല്ല സ്വീകരിച്ചുകാണുന്നത്. മനുഷ്യന്റെ ബാഹ്യവും ആന്തരവുമായ സംസ്കരണത്തിനാണ് ഖുർആന്റെയും സുന്നത്തിന്റെയും ശ്രമം. ആ വീക്ഷണത്തിലാണ് ചില നിയമങ്ങൾ അവ രണ്ടും ആവിഷ്കരിക്കുന്നതും. ആന്തര നില തൃപ്തികരമല്ലെങ്കിൽ അവയുടെ വീക്ഷണത്തിൽ ബാഹ്യ നടപടിയും അസ്വീകാര്യമാണ്. ഒരു ഉദാഹരണത്തിലൂടെ ഇക്കാര്യം വ്യക്തമാക്കാം. ന്യായാധിപൻ കോപിഷ്ഠനായിരിക്കുമ്പോൾ വിധി പ്രസ്താവിക്കരുതെന്ന് പ്രവാചകൻ പ്രത്യേകം താക്കീത് ചെയ്തിട്ടുണ്ട്. ഇമാം ബുഖാരിയും ഇമാം മുസ്ലിമും അടക്കം ഒട്ടേറെ ഗ്രന്ഥകാരന്മാർ ഈ ഹദീസുദ്ധരിച്ചിട്ടുണ്ട്. അതിനാൽ ക്രോധാവസരത്തിൽ ന്യായാധിപതി പ്രസ്താവിക്കുന്ന വിധിക്കു യാതൊരു സാധുതയുമില്ലെന്നാണ് വരിക. എന്നാൽ നമ്മുടെ ധർമശാസ്ത്രകാരന്മാരിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ അഭിപ്രായം പ്രസ്തുത വിധി സാധുവാണെന്നും അങ്ങനെ ചെയ്യുന്നത് 'കറാഹത്ത് ' (അതൃപ്തികരം) മാത്രമാണെന്നുമത്രെ. ശാഫി ഫിഖ്ഹിലും അങ്ങനെ തന്നെ."വഇൻ ഹകമ ഫീ ഹാദിഹിൽ അഹ്‌വാലി സഹ്ഹഹുക്മുഹു." (ദേഷ്യം, വിശപ്പ്, ദാഹം, വ്യസനം,ആഹ്ലാദം മുതലായ അവസ്ഥകളിൽ ന്യായാധിപൻ വിധി പ്രസ്താവിച്ചാൽ ആ വിധി സാധുവാണ്- അൽമുഹദ്ദബ്, അബൂ അസ്ഹാഖ് ശീറാസി, വാ. 2, പേ.293) നോക്കുക: ധർമ്മശാസ്ത്രവും സുന്നത്തും തമ്മലുള്ള അകൽച്ച!

മതത്തിന്റെ ശാഖാവശങ്ങൾ മാത്രമല്ല, അടിസ്ഥാനവശങ്ങളും, ഖുർആനിലും സുന്നത്തിലും പ്രതിപാദിച്ചിട്ടുണ്ട്. ഫിഖ്ഹിലാകട്ടെ, മതത്തിന്റെ ശാഖാവശങ്ങൾ മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. മതത്തിലെ ശാഖാവശങ്ങൾക്ക് ഇസ്ലാമിക പണ്ഡിതന്മാർ 'ഫുറൂഅ്' എന്ന സാങ്കേതിക സംജ്ഞ നല്കിയിരിക്കുന്നു. എന്നാൽ ഫുറൂഅ് പോലും സമഗ്രമായി ഫിഖ്ഹ് ഗ്രന്ഥങ്ങൾ പ്രതിപാദിക്കുന്നില്ല. മനുഷ്യന്റെ ഐഹിക ജീവിതവുമായി ബന്ധപ്പെടുന്നതും, ഭൗതിക താൽപര്യങ്ങളെ മുൻനിർത്തിയുള്ളതുമായ നിയമനിർദേശങ്ങളേ അവ യുൾക്കൊള്ളുന്നുള്ളൂ. ഇമാം ഗസ്സാലി അദ്ദേഹത്തിന്റെ 'ഇഹ്‌യാ' യിൽ പറയുന്നത് കാണുക:

"മതത്തിലെ ശാഖാവശങ്ങൾ തന്നെ രണ്ടുതരത്തിലുണ്ട്. ഒന്ന്, മനുഷ്യന്റെ ഐഹികജീവിത താൽപര്യങ്ങളുമായി ബന്ധമുള്ളത്. ഈ വശം കൈകാര്യം ചെയ്യുന്നവരാണ് ധർമ്മശാസ്ത്രകാരന്മാർ. ഭൗതികജ്ഞാനം സമ്പാദിച്ചവരത്രെ അവർ, മറ്റേത്, മനുഷ്യന്റെ പാരത്രിക ജീവിത താൽപര്യങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാനമാണ്. ഹൃദയത്തിന്റെ അവസ്ഥാന്തരങ്ങൾ നല്ലതും തീയതുമായ സ്വഭാവ വിശേഷങ്ങൾ എന്നിവ അറിയാനുതകുന്ന ശാസ്ത്രമാണത്. " (വാ.1, പേ.15)

അതെ, മനുഷ്യജീവിതത്തിന്റെ ഭൗതിക താൽപര്യങ്ങളുമായി ബന്ധപ്പെടുന്ന, കേവലം ശാഖാപരമായ നിയമങ്ങളാണ് ഫിഖ്ഹിലുള്ളത്. അതെങ്ങനെ ഇസ്ലാമിക ശരീഅത്താകും? ഇന്ന് പ്രചാരത്തിലിരിക്കുന്ന ഫിഖ്ഹ്ഗ്രന്ഥങ്ങളൊന്നും തന്നെ ഇസ്ലാമിന്റെ സുവർണ കാലമായ ആദിമശതകങ്ങളിൽ എഴുതപ്പെട്ടതല്ല. പ്രവാചകന്റെ കാലത്തിന് എട്ടും പത്തും നൂറ്റാണ്ടുകൾക്കു ശേഷം കേവലം അനുകർത്താക്കളും മദ്ഹബു പക്ഷപാതികളുമായ ചില പണ്ഡിതന്മാർ എഴുതിവെച്ചവയാണ് മിക്കവാറും. മുസ്ലിം സുൽത്താന്മാരുടെ ഭരണകാലത്താണ് അവ വിരചിതമായത്. ഖുർആനേക്കാളും സുന്നത്തിനേക്കാളും കൂടുതൽ അവയെ സ്വാധീനിച്ചത് നിലവിലുള്ള സാഹചര്യങ്ങളും പാരമ്പര്യങ്ങളുമാണ്. ചുറ്റുപാടിന് അനുഗുണമായിരുന്നതിനാലും, നിലവിലിരുന്ന ഭരണകർത്താക്കളുടെ ഹിതാഹിതങ്ങൾക്കനുസൃതമായിരുന്നതിനാലും അവക്ക് വമ്പിച്ച പ്രചാരവും സ്വീകാര്യതയും ലഭിച്ചുവെന്നുമാത്രം. ഒരു പക്ഷെ, അന്നത്തെ നിയമപരമായ ആവശ്യങ്ങൾക്ക് അവ മതിയായിരുന്നിരിക്കാം. എന്നാൽ സാഹചര്യം മാറുകയും സമൂഹത്തിന്റെ ജീവിത മണ്ഡലങ്ങൾ വികസിച്ചു വരികയും ചെയ്തതോടെ ആ ഗ്രന്ഥങ്ങൾ മുസ്ലിംകളെ അലട്ടാൻ തുടങ്ങി. മറ്റൊരു വിധം പറഞ്ഞാൽ നമ്മുടെ കർമ്മശാസ്ത്രപണ്ഡിതന്മാരുടെ നിഗമനങ്ങൾ കാലത്തിനനുസരിച്ചു പുരോഗതി പ്രാപിച്ചില്ല. അവ സമൂഹത്തിനൊരു ശല്യമായി ഭവിച്ചു. ഇതിലേക്ക് പല ദൃഷ്ടാന്തങ്ങളും തെളിയിക്കാൻ കഴിയും. തൽക്കാലം ഒറ്റ ഉദാഹരണം കാണുക: വിവാഹമോചനത്തിനുള്ള അധികാരം പൂർണമായും പുരുഷനാണെന്നും, സ്ത്രീക്ക് യാതൊരു കാരണത്താലും വിവാഹബന്ധം ദുർബലപ്പെടുത്തുവാൻ അധികാരമില്ലെന്നുമാണ് ഹനഫി ഗ്രന്ഥങ്ങളിലെ വിധി. ആദിമഘട്ടങ്ങളിൽ ഇതുമൂലം കാര്യമായ ശല്യങ്ങൾ ഹനഫികൾക്ക് അനുഭവപ്പെട്ടിരുന്നില്ലായിരിക്കാം. എന്നാൽ പിൽക്കാലത്ത് ആ വിധി വലിയശല്യമാണ് വരുത്തിവെച്ചത്. ഭർത്താക്കന്മാർ തങ്ങൾക്കു ലഭ്യമായ കുത്തകാധികാരം ദുരുപയോഗപ്പെടുത്തി, വിവാഹമോചനം ചെയ്യാതെയും മാന്യമായ ദാമ്പത്യബന്ധം പുലർത്താതെയും ഭാര്യമാരെ ഇട്ടു കുഴക്കുവാൻ തുടങ്ങി. ഖുർആൻ കർശനമായി നിരോധിച്ച ഒരു വൻ കുറ്റമാണിത്. അതിനാൽ അത്തരം മർദ്ദക ഭർത്താക്കന്മാരെ ക്രിമിനൽ കുറ്റം ചുമത്തി, മാതൃകാപരമായി ശിക്ഷിക്കുകയാണ് വേണ്ടിയിരുന്നത്. പക്ഷെ അതിന് നമ്മുടെ ഫിഖ്ഹു ഗ്രന്ഥങ്ങളിൽ വിധിയില്ല. പകരം, ഭർത്താവിന്റെ വിവാഹമോചന കുത്തകാവകാശം അഭംഗുരം നിലനിർത്തുകയാണ് അവ ചെയ്തത്. അവസാനം ഭാര്യക്ക് വിവാഹമുക്തയാവാൻ ഒരു സൂത്രം കണ്ടുപിടിക്കപ്പെട്ടു: സ്വയം മതഭ്രഷ്ടയാവുക! ഇസ്ലാമിൽനിന്ന് പുറത്തുപോകുന്നതോടെ, സ്ത്രീ സ്വയം വിവാഹമുക്തയാവുമെന്ന് ധർമ്മശാസ്ത്ര വിധിയുണ്ട്. ആ വിധി ഉപയോഗിച്ചാണ് പ്രസ്തുത ശല്യത്തിൽനിന്ന് അവളെ ഹനഫി ധാർമ്മികന്മാർ രക്ഷപ്പെടുത്തി വന്നിരുന്നത്. സാഹസികവും ലജ്ജാകരവുമായ ഈ സൂത്രം അവലംബിക്കുവാൻ ആ പണ്ഡിതന്മാരെ നിർബന്ധിതരാക്കിയതെന്താണ്? ഫിഖ്ഹു ഗ്രന്ഥങ്ങൾ തന്നെ. എന്നാൽ പ്രസ്തുത പരിപാടി ഹനഫികൾക്കു മനഃസാക്ഷിക്കുത്തുളവാക്കിയിരിക്കണം. അതുകൊണ്ടാവാം, പ്രശ്നപരിഹാരത്തിന് അനന്തരകാലത്ത്, മറ്റൊരു മാർഗം അവർ അംഗീകരിച്ചത്. അതായത് പ്രസ്തുത പ്രശ്നത്തെസ്സംബന്ധിച്ചിടത്തോളം ഹനഫി സ്ത്രീക്കു 'മാലികി

മദ്ഹബ് സ്വീകരിച്ച് വിവാഹബന്ധം ദുർബ്ബലപ്പെടുത്തുന്നതിനു വിരോധമില്ല' എന്നുള്ള ഫത്‌വകൾ ഇറക്കി! ഫിഖ്ഹിന് ഇസ്‌ലാമിക ശരീഅത്തിന്റെ പദവി നല്കിയതിനാലുളവായ വിപത്തി നൊരു പ്രകടമായ ഉദാഹരണമത്രെ ഈ സംഭവം.

നിലവിലുള്ള ഫിഖ്ഹു ഗ്രന്ഥങ്ങ ളത്രയും പ്രവാചകനു എട്ടും പത്തും നൂറ്റാണ്ടുകൾക്കു ശേഷം എഴുതിവെച്ച വയാണ്. അതതു സാഹചര്യങ്ങളുടെ സ്വാധീനം അവയിൽ ധാരാളം പ്രതിഫ ലിച്ചു കാണാം. ഖുർആനുമായോ സുന്ന ത്തുമായോ അവക്കുള്ള അടുപ്പം പേരി നുമാത്രമേയുള്ളൂ. അതിനാൽ മറ്റെല്ലാ നിയമവ്യവസ്ഥകളെയെന്നപോലെ, നിയ മവ്യവസ്ഥയായി നമുക്ക് അംഗീകരിക്കാ മെന്നല്ലാതെ, ഇസ്‌ലാമിക ശരീഅ ത്തിന്റെ പരിശുദ്ധിയോ അപ്രമാദിത്വമോ അതിന് കല്പിക്കാവതല്ല. ഇപ്പറഞ്ഞ തിന്റെ ഉദ്ദേശ്യം നമ്മുടെ പൂർവമതാചാ ര്യന്മാരെ അപകീർത്തിപ്പെടുത്തുകയാ ണെന്ന് തെറ്റിദ്ധരിക്കരുത്. പൂർവ ഇസ്‌ലാമിക പണ്ഡിതന്മാർ അനുഷ്ടിച്ച വിജ്ഞാനപരവും മതപരവുമായ സേവ നങ്ങളെ നാം വിലയിരുത്തുകതന്നെ വേണം. തനതുകാലത്തെ നാഗരികവും സാമൂഹികവുമായ ആവശ്യങ്ങൾ പൂർത്തീകരിക്കത്തക്കവണ്ണം, അവർ അനുഷ്ഠിച്ച വൈജ്ഞാനിക സേവനം മഹത്തരം തന്നെ. അതാരും നിഷേധി ക്കുന്നില്ല. എന്നാൽ സാഹചര്യങ്ങൾ മാറിവന്നതോടെ അവരുടെ നിഗമന ങ്ങൾക്കു കാലഹരണം ഭവിച്ചു. അതിനു ത്തരവാദികൾ ആ പണ്ഡിതവരേണ്യ ന്മാരല്ലതന്നെ. പ്രത്യുത, മാറിയ പരിതാ വസ്ഥകളിലും ആ നിഗമനങ്ങൾതന്നെ അതേപടി നടപ്പിൽ വരുത്തുവാൻ തുനിഞ്ഞ 'മുഖല്ലിദു' കൾ- അനു കർത്താക്കൾ--മാത്രമാണ്. ഇദ്‌തിഹാദും ഗവേഷണവും നിലച്ചുവെന്നും ഇനി യൊരു കാലത്തും ഇജ്തിഹാദിന്റെ അടഞ്ഞ കവാടം തുറന്നുകൂടെന്നും ഈ അനുകർത്താക്കൾ ശഠിച്ചു. വല്ല ദൈവ ദാസനുംഅതിനു ശ്രമിച്ചാൽ അയാളുടെ മേൽ മതഭ്രംശം ചുമത്തി, അയാൾക്കെ തിരെ ബഹുജനത്തെ അണിനിരത്തുക പതിവായി. ഇതാണ് മുസ്‌ലിം സമുദാ യത്തെ മുൻപെന്നപോലെ ഇന്നും അധഃ പതിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആക യാൽ 'സലഫുസ്സാലിഹുകൾ' ചെയ്ത തുപോലെ, തനതു കാലത്തെ നിയമപ്ര ശ്നങ്ങൾക്ക് ഖുർആന്റെയും സുന്നത്തി ന്റെയും വെളിച്ചത്തിൽ പുതിയ പരിഹാര മാർഗ്ഗങ്ങളാരായുകയാണ് ഇന്നത്തെ അടിയന്തരാവശ്യം. കാലഹരണം വന്ന പഴഞ്ചൻ നിയമങ്ങളെ നിലനിർത്തുവാ നായി കുരിശുയുദ്ധം നടത്തുകയല്ല.

### ശരീഅത്താക്ട് പരിഷ്കരിക്കണം

ശരീഅത്താക്ട് കാലോചിത മായും, ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂ ഹ്യാവശ്യങ്ങൾക്കുപയുക്തമായും പരി ഷ്കരിക്കണമെന്നാണ് ഇതെഴുതുന്ന ആളിന്റെ അഭിപ്രായം. ഇതിന്റെ അർഥം ഇന്ത്യക്കാർക്കെല്ലാം ഏക സിവിൽകോ ഡാവണമെന്നല്ല. ഏക സിവിൽകോഡി നേക്കാൾ എത്രയോ ഭേദമാണ്, മുസ്‌ലിംകളെസ്സംബന്ധിച്ചിടത്തോളം, നിലവിലുള്ള പേഴ്സനൽലോ. പിന്നെ യോ, ഖുർആനും സുന്നത്തും നിർദേശി ക്കുന്ന പാതയിൽ ഉറച്ചുനിന്നുകൊണ്ടു, പ്രസ്തുത ആക്ടിലുള്ള അപാകതകളും അബദ്ധങ്ങളും തിരുത്തി കാലാനു സൃതവും, ഇന്നത്തെ വിഷമതകൾക്കു പരിഹാരകവുമായ നിയമങ്ങൾ കൂട്ടി ച്ചേർക്കണമെന്നാണ് ഇവിടെ വിവക്ഷി ക്കുന്നത്. ഇതു ഇന്ത്യൻ പാർലമെന്റി ന്റേയോ ഏതാനും നിയമജ്ഞരുടേയോ മാത്രം അധികാരത്തിൽ വിട്ടുകൊടുക്കു ന്നതു ശരിയാവില്ല. ഇത്തരമൊരു പരി ഷ്കൃത വ്യക്തിനിയമം ക്രോഡീകരിക്കു ന്നതിൽ മുസ്‌ലിം നിയമജ്ഞന്മാരുടേയും മതപണ്ഡിതന്മാരുടേയും സേവനം അനിവാര്യമാണ്. കാരണം, ഖുർആന്നും സുന്നത്തിനും ശരിയായ വ്യാഖ്യാനം കണ്ടുപിടിക്കുന്നതിനെ ആശ്രയിച്ചാണ് ആ സംരംഭത്തിന്റെ വിജയം നിലകൊ ള്ളുന്നത്. ഖുർആന്റേയും സുന്നത്തി ന്റെയും ശരിയായ വ്യാഖ്യാനത്തിനെതി രായ ഒരു വ്യക്തിനിയമം മുസ്‌ലിം ബഹു ജനങ്ങൾ മനഃസംതൃപ്തിയോടെ അംഗീ കരിക്കുകയില്ല.

ഇത്തരുണത്തിൽ മുസ്‌ലിംകളും ഒരു സംഗതി ബോധപൂർവം ഗ്രഹിക്കേ ണ്ടതുണ്ട്. നിലവിലുള്ള മുസ്‌ലിം വ്യക്തി നിയമത്തിന് ഭരണഘടനാപരമായ ഉറ പ്പൊന്നുമില്ല. മൗലികാവകാശ ങ്ങൾപോലും ഭേദഗതി ചെയ്യുവാനുള്ള തടസ്സങ്ങൾ ഇപ്പോൾ നീങ്ങിയിരിക്കുക യാണ്. അതിനാൽ ഇന്നല്ലെങ്കിൽ നാളെ മുസ്‌ലിം വ്യക്തിനിയമവും മാറ്റപ്പെടു മെന്ന കാര്യത്തിൽ, ദീർഘദൃഷ്ടിയുള്ള ഒരാളും സംശയിക്കുകയില്ല. അതിനെ തടയുന്ന ഒരു ശക്തിയും ഇവിടെ നില വിലില്ല. കള്ളുകുടിയും ചൂതാട്ടവും യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ അനുവദിച്ച പാരമ്പര്യമാണ് നിയമസഭ കളിലെ മുസ്‌ലിം സാമാജികന്മാർക്കുള്ള ത്. ആ സ്ഥിതിക്ക് അവരിൽ വിശ്വാസ മർപ്പിക്കുന്നതു തനി വങ്കത്തമായിരിക്കും. ഇനി, ഒന്നോ രണ്ടോ മുസ്‌ലിം എം.പി മാർ തടസ്സം നിന്നാൽതന്നെ അതുകൊ ണ്ടെന്തു നേട്ടം? അതിനാൽ ഏറ്റവും നന്നായി തോന്നുന്ന മാർഗം മുസ്‌ലിം വ്യക്തിനിയമത്തിന് മുസ്‌ലിംകൾ തന്നെ ഒരു ബദൽനിയമം ക്രോഡീകരിച്ചു സമർപ്പിക്കലാണ്. മുസ്‌ലിം പ്രതിനിധി കളുടെ ഒരു സമ്മേളനം കൂടി ആവശ്യ മായ ഭേദഗതികൾ വരുത്തി, ഒരു നവീന നിയമം ആവിഷ്കരിക്കുക. ഈ സമ്മേ ളനത്തിൽ മുസ്‌ലിംകളിലുള്ള എല്ലാ പ്രധാനകക്ഷികൾക്കും പ്രാതിനിധ്യമു ണ്ടായിരിക്കണം. നിയമജ്ഞന്മാരും ഗവേ ഷണ വാസനയുള്ള പണ്ഡിതന്മാരും ചേർന്നാവണം പരിഷ്കരണ നിർദേശ ങ്ങൾ തയാറാക്കുന്നത്. മിക്കവാറും യോജിക്കാവുന്ന മേഖലകളിൽ യോജി ച്ചുകൊണ്ടും, യാതൊരു തരത്തിലും യോജിക്കാനാവാത്ത കാര്യങ്ങളിൽ താന്താങ്ങളുടെ അഭിപ്രായം രേഖപ്പെടു ത്തിക്കൊണ്ടും തയാറാക്കപ്പെടുന്ന പ്രസ്തുത നിർദേശങ്ങൾ മുസ്‌ലിം ബഹുജനങ്ങളുടെ മുമ്പാകെ തുറന്ന ചർച്ചക്കായി സമർപ്പിക്കേണ്ടതുമാണ്. ഇതെല്ലാം കഴിഞ്ഞുവേണം നിർദേശ ങ്ങൾ ഗവർമെന്റിന് സമർപ്പിക്കാൻ. ഇ ങ്ങനെ മുസ്‌ലിംകളും ഗവർമ്മെന്റും സ ഹകരിച്ചു ക്രോഡീകരിക്കുന്ന ഒരു ആക്ട് ഏതെങ്കിലും മതകക്ഷിയുടെ ധർമ്മശാസ്ത്രനിയമങ്ങൾക്ക് എതിരാ യിരുന്നാലും, ഇന്ത്യൻ മുസ്‌ലിംകൾക്കത് സ്വീകാര്യമായിത്തീരേണ്ടതാണ്. എന്തു കൊണ്ടെന്നാൽ കക്ഷിതാൽപര്യത്തേ ക്കാൾ പ്രാധാന്യം സമൂഹത്തിന്റെ താൽപര്യത്തിനാണല്ലോ.

മുസ്‌ലിം വ്യക്തിനിയമത്തിലെ അപാകതകളെന്തെന്നും അവ തിരുത്തേ ണ്ടതെങ്ങനെയെന്നും ഇവിടെ വിവരിക്കാ നുദ്ദേശിക്കുന്നില്ല. സ്ഥലപരിമിതി അതി നൊട്ടനുവദിക്കുന്നുമില്ല. എന്നാൽ പരി ഷ്കരണ വാദികൾക്കും അല്ലാത്ത വർക്കും ഇടയിൽ വമ്പിച്ച കോലാഹലം ഉളവാക്കിയ ഒന്നുരണ്ടു പ്രശ്നങ്ങളെപ്പറ്റി സ്വല്പം പരാമർശിക്കാം.

### പിന്തുടർച്ചാവകാശത്തിൽ പൗത്ര പ്രശ്നം

മുസ്‌ലിം വ്യക്തിനിയമത്തിൽ, പിതാമഹന്റേയോ പിതാമഹിയുടേയോ പിന്തുടർച്ചാവകാശം പൗത്രജനത്തിന്

ലഭ്യമാകണമെങ്കിൽ പരേതന് പുത്രനില്ലാതിരിക്കണം. ഇത് ഖുർആന്റേയും സുന്നത്തിന്റേയും വിധികളുടെ താൽപര്യമാണെന്നത്രെ ബഹുഭൂരിപക്ഷം മുസ്‌ലിംകളുടെ വിശ്വാസം. അതിനാൽ, ആ നിയമത്തിൽ മാറ്റം വരുത്തുന്നത് ന്യായമാവില്ല. "അംശാവകാശികൾക്ക് അവരുടെ അംശങ്ങൾ നീക്കിവെക്കുക. അവശേഷിച്ചത് പരേതന്റെ ഏറ്റവും അടുത്ത തലമുറയിലെ പുരുഷനുള്ളതാണ് ". എന്നർഥം വരുന്ന ഒരു നബിവചനമുണ്ട്. എല്ലാ ഹദീസ് നിരൂപകന്മാരും ശരിവെച്ച ഒന്നാണിത്. ഈ അടിസ്ഥാനത്തിൽ ഏ. എന്ന ആൾ മരിക്കുമ്പോൾ ബി. എന്ന പുത്രനും സി. എന്ന പുത്രന്റെ സന്തതികളുമുണ്ടാവുന്ന പരിതഃസ്ഥിതിയിൽ സി.യുടെ സന്തതികൾക്ക് പിന്തുടർച്ചാവകാശം ലഭിക്കുകയില്ല. എന്തെന്നാൽ ഏറ്റവും അടുത്ത തലമുറയിൽ ബി.യുണ്ടല്ലോ. അംശാവകാശികളുടെ അംശങ്ങൾ തിരിച്ചുവെച്ച ശേഷം ബാക്കിയാകുന്നതൊക്കെ അടുത്ത തലമുറക്കുള്ളതാണ്. ആ തലമുറയിൽ പുരുഷനുള്ളതാണ് അതിനു കാരണം. അതിനാൽ ഖുർആനിലും സുന്നത്തിലും വിശ്വസിക്കുന്ന മുസ്‌ലിം ഈ നിയമത്തിൽ മാറ്റം വരുത്തുവാൻ ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല.

പക്ഷെ, ഈ നിയമംകൊണ്ടു വന്നുകൂടുന്ന ഗുരുതരമായ ഒരു പ്രത്യാഘാതം കാണുക: ഒരേ ഗൃഹത്തിൽ, ഒരു പിതാമഹന്റെ രണ്ടു വഴിക്കുള്ള തലമുറകളിൽ ഒരു വിഭാഗം കോടീശ്വരന്മാരായി ഉയരുമ്പോൾ മറ്റേ വിഭാഗം ദരിദ്രനാരായണന്മാരായി അധഃപതിക്കുന്നു. കാരണമോ, വെറുമൊരു യാദൃച്ഛിക സംഭവവും! പിതാമഹൻ മരിക്കുന്നതിനു മുമ്പ് സ്വപിതാവ് മരിച്ചുവെന്ന കുറ്റം ആ നിർഭാഗ്യ തലമുറ ചെയ്തതല്ല. അതിന്റെ പേരിൽ അവരെ ശിക്ഷിക്കുന്നത് നീതിയുമല്ല. ഒരു കോടീശ്വരനായ പിതാമഹന്റെ കുമ്പാരക്കണക്കിലുള്ള ധനത്തിൽനിന്ന് ഒരു പൈസക്കും അവർ അവകാശികളല്ലാ എന്നത് എന്തുമാത്രം ദ്രോഹകരവും അനീതിപരവുമായ ഒരവസ്ഥാവിശേഷമല്ല.

പക്ഷെ ഈ അവസ്ഥാവിശേഷം ഉളവാക്കിയതിനുത്തരവാദി അല്ലാഹുവോ അവന്റെ പ്രവാചകനോ അല്ല; നിലവിലുള്ള ധർമ്മശാസ്ത്രവും അവയുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച മുസ്‌ലിം വ്യക്തിനിമവും മാത്രമാണ്. പിന്തുടർച്ചാവകാശനിയമത്തിൽ, അടുത്ത തലമുറയിൽ പുരുഷനുണ്ടാവുന്ന പരിതഃസ്ഥിതിയിൽ അകന്ന തലമുറക്ക് അവകാശം നിശ്ചയിച്ചിട്ടില്ലെന്നുള്ളത് ശരിതന്നെ. അംശാവകാശികളുടെ ഓഹരികൾ കഴിച്ചു ബാക്കിയാവുന്നത് അടുത്ത തലമുറയിലുള്ളവർക്കാണ്--പുരുഷനുണ്ടാവുമ്പോൾ. ഈ അർഥത്തിൽ ഒരു ഹദീസും ഉദ്ധരിക്കപ്പെട്ടു കാണുന്നുണ്ട്.

"അംശാവകാശികൾക്ക് അവരുടെ അംശങ്ങൾ നൽകുക. അവശേഷിച്ചത് ഏറ്റവും അടുത്ത പുരുഷബന്ധുവിന്നുള്ളതാണ്." (ബുഖാരി, മുസ്‌ലിം)

അതിനാൽ പിന്തുടർച്ചാവകാശം വഴിക്ക് പൗത്രജനത്തിന് പിതാമഹന്റെ സ്വത്തിൽ യാതൊരു അംശവും കിട്ടാൻ അർഹതയില്ലെന്നു സമ്മതിക്കണം.എന്നാൽ വസിയ്യത്ത് വഴിക്ക് അവരും പിതാമഹന്റെ സ്വത്തിനവകാശികളത്രെ. ഇതു ധർമ്മശാസ്ത്രവും സമ്മതിക്കുന്നു. പക്ഷെ പരസ്യമായി പിതാമഹൻ വസിയ്യത്ത് ചെയ്യണം എന്നാണ് നിബന്ധന. അല്ലാത്തപക്ഷം പൗത്രജനത്തിന് ഒന്നും ലഭ്യമാവുകയില്ല. വസിയ്യത്ത് ചെയ്യുന്നതോ ധർമ്മശാസ്ത്ര ദൃഷ്ടിയിൽ വെറുമൊരു ഐച്ഛിക കാര്യവും! ഈ നിഗമനം ഇസ്‌ലാമിക ശരീഅത്തിനു ഗുണമല്ലെന്നാണ് ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നത്. അല്ലാഹു പറയുന്നു:("സത്യവിശ്വാസികളേ, നിങ്ങളിലൊരുവന്ന് മരണമാസന്നമാകുമ്പോൾ താൻ ധനം വിട്ടേച്ചു പോകുന്ന പക്ഷം മാതാപിതാക്കന്മാർക്കു വേണ്ടിയും അടുത്തകുടുംബ ബന്ധങ്ങൾക്കുവേണ്ടിയും ന്യായാനുസൃതം വസിയ്യത്ത് (മരണശാസനം) ചെയ്യുകയെന്നത് നിങ്ങളുടെ പേരിൽ അനുശാസിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ഭക്തിയുള്ളവരുടെ മേൽ ഒരു കർത്തവ്യമത്രെ അത്. ഈ അനുശാസനം കേട്ടിട്ടും വല്ലവരും അതു മാറ്റിമറിക്കുന്ന പക്ഷം അതിന്റെ പാതകം മാറ്റിമറിക്കുന്നവരുടെ പേരിൽ മാത്രമാണ്. അല്ലാഹു വാകട്ടെ കേൾക്കുന്നവനും അറിയുന്നവനുമാണ്, നിശ്ചയം! " (2:180,181)

ഖുർആന്റെ ശൈലിയനുസരിച്ച് ഈ ആജ്ഞ നിർബന്ധത്തിന്റേതാണ്. പോരാത്തതിന് അനന്തരവാക്കുകൾ അതിനെ ഉപോദ്ബലപ്പെടുത്തുകയും ചെയ്യുന്നു. ഈ ആജ്ഞയനുസരിച്ച് മരണമാസന്നമായ വേളയിൽ പിതാമഹൻ തന്റെ പിന്തുടർച്ചാവകാശം ലഭിക്കാനിടയില്ലാത്ത പൗത്രജനത്തിന് വേണ്ടി ധനം വസിയ്യത്ത് ചെയ്യേണ്ടതായിരുന്നു. അയാൾ അങ്ങനെ ചെയ്തില്ലെങ്കിൽ അതിന്റെ ദോഷം യാതൊരു കാരണവശാലും പൗത്രജനം അനുഭവിക്കാൻ പാടില്ല. എന്നാൽ നിലവിലുള്ള നിയമപ്രകാരം, വസിയ്യത്ത് വഴി ലഭിക്കേണ്ട അവകാശം നിഷേധിക്കപ്പെടുക വഴി, പൗത്രജനമാണ് ആ പാതകത്തിന് ശിക്ഷയനുഭവിക്കുന്നത്. ഇതൊരിക്കലും നീതിയല്ല.

ന്യായാനുസാരം നല്കണമെന്നാണ് ഖുർആൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രവാചകൻ അതിന്റെ പൊരുൾ വിശദീകരിക്കുന്നുണ്ട്: ആകെ സ്വത്തിന്റെ മൂന്നിലൊരംശമാണ് പരിധി. ഈ പരിധിയിൽ വല്ലതും കുറക്കണമെന്ന് തോന്നിയാൽ വസിയ്യത്ത് ചെയ്യുന്ന ആളിന് അതിന് സ്വാതന്ത്ര്യമുണ്ട്. പക്ഷെ ഇവിടെ പിതാമഹൻ വസിയ്യത്ത് തന്നെ ചെയ്യാതെ മരണമടഞ്ഞതുകൊണ്ട്, മൂന്നിലൊന്നിൽ കുറക്കുന്ന പ്രശ്നം ഉദ്ഭവിക്കുന്നില്ല. ആകയാൽ ധനമുള്ള പിതാമഹന്റെ സ്വത്തിൽ മൂന്നിൽ ഒന്നിന് പിന്തുടർച്ചാവകാശമില്ലാത്ത പൗത്രജനം അവകാശികളായി ഭവിക്കുന്നു. അതിനാൽ ഈ വിധി മുസ്‌ലിം വ്യക്തിനിയമത്തിലും ഉൾപ്പെടുത്താവുന്നതാണ്. എങ്കിൽ പിന്തുടർച്ചാവകാശ വ്യവസ്ഥയിലെ പൗത്രജനപ്രശ്നത്തിന് പരിഹാരമാകുന്നതോടൊപ്പം, പിതാമഹന്മാരെ അവരുടെ അപരാധത്തിൽനിന്ന് വിമോചിതരാക്കാനും കഴിഞ്ഞേക്കും.

ഒച്ചപ്പാടുണ്ടാക്കിയ മറ്റൊരു പ്രശ്നം ബഹുഭാര്യത്വത്തിന്റേതാണ്. ചില പരിതാവസ്ഥകളെ മുമ്പിൽ വെച്ചു നോക്കുമ്പോൾ, ഒരു പുരുഷന്, ഒരേ അവസരത്തിൽ ഒന്നിലധികം പത്നിമാരെ വെച്ചുപുലർത്തുവാനുള്ള സ്വാതന്ത്ര്യം നീതീകരിക്കപ്പെടുന്നു. എന്നാൽ ബഹുഭാര്യത്വ സ്വാതന്ത്ര്യം തികച്ചും നിർബാധവും നിരുപാധികവുമാണെന്ന പക്ഷത്തോട് ഈയുള്ളവന് യോജിക്കുവാൻ കഴിയുന്നില്ല. രണ്ടു ഭാര്യമാർക്കിടയിൽ നീതി പാലിക്കുവാൻ ഖുർആൻ തന്നെ അനുശാസിച്ചിട്ടുണ്ട്. ഇതിന്റെ വ്യാഖ്യാനത്തിലാണ് തർക്കം. മാനസികാവസ്ഥയിലും ബാഹ്യപെരുമാറ്റത്തിലും നീതിയും നിഷ്പക്ഷതയും പുലർത്തണമെന്നാണ് ചിലരുടെ പക്ഷം; മറ്റു ചിലർ പറയുന്നത് മാനസികാവസ്ഥയിൽ —സ്നേഹത്തിൽ- സമത്വം ആവശ്യമില്ല, പെരുമാറ്റത്തിൽ മതി എന്നാണ്. എന്നാൽ ഗുരുതരമായൊരു പ്രശ്നം മറ്റൊന്നാണ്. പുരുഷന്മാർക്ക് ഇസ്‌ലാം

നല്കിയിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ബഹുഭാര്യത്വ സ്വാതന്ത്ര്യം പലരും ദുരുപയോഗപ്പെടുത്തുന്നു. അതിനെ കടിഞ്ഞാണിടുന്ന നിയമങ്ങളൊന്നും നമ്മുടെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലോ, നിലവിലുള്ള മുസ്‌ലിം വ്യക്തിനിമയത്തിലോ ഇല്ലതാനും. ഒരാൾക്ക് നാലു ഭാര്യമാർ വരെ ആവാമെന്നുള്ള അവകാശ സ്വാതന്ത്ര്യത്തിന്റെ പേരിൽ, ചിലർ കാണുന്ന പെണ്ണുങ്ങളെയൊക്കെ കല്യാണം കഴിക്കുകയും, കുറച്ചുകാലം കഴിഞ്ഞാൽ പിന്നെ ഏതെങ്കിലുമൊരുത്തിയുടെ കൂടെ കഴിയുകയും, മറ്റുള്ളവരെ മനസാ ഉപേക്ഷിക്കുകയും, എന്നാൽ ഔപചാരികമായി ബന്ധം നിലനിർത്തുകയും ചെയ്യുന്നു. ഇതിനൊന്നും ഇന്നത്തെ പരിതഃസ്ഥിതിയിൽ യാതൊരു പരിഹാരവുമില്ല. ഫലം? സ്വപത്നിമാരുടെ ദുരിതം തന്നെ.

ബഹുഭാര്യത്വ സ്വാതന്ത്ര്യത്തിന്മേൽ വല്ല നിബന്ധനയും ചുമത്തുന്നതു മതത്തിൽ കൈയിടലാണെന്നാണ് പൊതുധാരണ. എന്നാൽ ഇതു ശരിയാണെന്നു തോന്നുന്നില്ല. ഒരാൾക്ക് ഒരവസരത്തിൽ നാലു പത്നിമാരെ സ്വീകരിക്കാൻ അനുവാദമുണ്ടെന്നേ ഏറെക്കിണഞ്ഞാൽ സ്ഥാപിക്കാനാവൂ. അനുവദനീയങ്ങളുടെ മേൽ യാതൊരു നിയന്ത്രണവും ചെലുത്താൻ പാടില്ലെങ്കിൽ നാഗരിക വ്യവസ്ഥതന്നെ താറുമാറായിത്തീരും. ഇതുപോലെ അനുവദനീയമായിരുന്നു, നമ്മുടെ ഫിഖ്ഹിന്റെ ദൃഷ്ടിയിൽ, വെപ്പാട്ടി സമ്പ്രദായം. ഇന്ന് കടുത്ത യാഥാസ്ഥിതിക മുസ്‌ലിം രാഷ്ട്രങ്ങൾപോലും ആ സമ്പ്രദായം നിഷിദ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ അവിടങ്ങളിലൊന്നും മതത്തിൽ കൈയിട്ടുകളഞ്ഞുവെന്ന പ്രതിഷേധ ശബ്ദം മുഴങ്ങുന്നില്ല.

നമ്മുടെ ധർമ്മശാസ്ത്ര വീക്ഷണത്തിൽ വെപ്പാട്ടി സമ്പ്രദായത്തിൻമേൽ യാതൊരു നിയന്ത്രണത്തിനും പഴുതില്ല. ഒരാൾക്ക് യഥേഷ്ടം എത്രവേണമെങ്കിലും വെപ്പാട്ടികളെ വെച്ചുപുലർത്താൻ അവ സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. നൂറുകണക്കായ വെപ്പാട്ടികളെ വച്ചുപുലർത്തിയിരുന്ന വ്യക്തികളെ ചരിത്രത്തിൽ കാണാം. ഇതിന്റെ നാഗരികവും ധാർമ്മികവുമായ ഭവിഷ്യത്ഫലങ്ങൾ കണ്ടിട്ടാണ് ആ സമ്പ്രദായമിന്ന് അവസാനിപ്പിക്കേണ്ടി വന്നത്.

എന്തൊരു അസംബന്ധമാണിത്! ഒരു പുരുഷന് നാലു ഭാര്യമാർ, പോരാത്തതിന് കയ്യും കണക്കുമില്ലാത്ത വെപ്പാട്ടികളും! ഇതിന്റെ പേർ ലൈംഗികാരാജകത്വം എന്നല്ലെങ്കിൽ മറ്റെന്താണ്? വാസ്തവത്തിൽ ഇതിനൊക്കെ ഇസ്‌ലാമിക ശരീഅത്തിനെ ഉത്തരവാദിയാക്കുന്നത് തികച്ചും അബദ്ധമാണ്. ഇത്തരം വൈകൃതങ്ങളിൽനിന്നും പരിശുദ്ധമത്രെ ഇസ്‌ലാമിക ശരീഅത്ത്. സംഗതി ഇതാണ്: അടിമത്ത സമ്പ്രദായം ബലത്തിലിരുന്ന ഒരു യുഗത്തിലാണ് ഇസ്‌ലാമിന്റെ ആവിർഭാവം. അന്ന് മനുഷ്യസമൂഹത്തിന്റെ സമ്പദ്ഘടനയും സാമൂഹികഘടനയുമായി അടിമത്ത സമ്പ്രദായം അവിഭാജ്യബന്ധമാണ് പുലർത്തിയിരുന്നത്. അതിനാൽ നിയമത്തിന്റെ ബലമുപയോഗിച്ച് അടിമത്ത സമ്പ്രദായം ഒറ്റയടിക്ക് നിശ്ശേഷം അവസാനിപ്പിക്കുവാൻ ഇസ്‌ലാം മുതിർന്നില്ല. എന്നാൽ അടിമത്തം ഇസ്‌ലാമിന്റെ ചേരുവക്കു നിരക്കാത്തതാണെന്നും അടിമ, ഉടമ എന്നീ പദപ്രയോഗങ്ങൾ പോലും അനാശാസ്യമാണെന്നും പ്രവാചകൻ പ്രഖ്യാപിച്ചു. 'കഅ്ബത്തിന്റെ അടിമ', 'സൂര്യദാസൻ 'എന്നീ വ്യക്തിനാമങ്ങൾപോലും അവിടുന്നു തിരുത്തി. കൂടാതെ, അടിമത്തത്തെ കാലാന്തരത്തിൽ അവസാനിപ്പിക്കുവാനുള്ള പരിപാടികളും ആസൂത്രണണം ചെയ്തു.അടിമത്തമോചനം പല കുറ്റങ്ങൾക്കും പ്രായശ്ചിത്തമായി നിശ്ചയിച്ചു. ഇതായിരുന്നുതാനും, അന്നത്തെ സാഹചര്യത്തിൽ ഏറ്റവും പ്രായോഗികമായ പരിപാടി.

എന്നാൽ ഇസ്‌ലാമിന്റെ ഈ പരിപാടിയുടെ ആന്തരോദ്ദേശ്യം മനസ്സിലാക്കാത്തതുകൊണ്ടോ, എന്തോ, നമ്മുടെ ധാർമ്മിക നേതാക്കന്മാർ അടിമത്ത സമ്പ്രദായത്തെ കഴിയുന്നിടത്തോളം വികസിപ്പിക്കുവാനും വിപുലീകരിക്കുവാനുമാണ് ശ്രമിച്ചത്. ഫലമോ, ഇസ്‌ലാമിക രാഷ്ട്രം തന്നെ തന്മൂലം തരിപ്പണമായി. അബ്ബാസിയാ സൽത്തനത്തിന്റെ തകർച്ചയുടെ ഒരു പ്രധാനകാരണം അടിമത്ത സമ്പ്രദായമായിരുന്നുവെന്ന് ചരിത്രനിരൂപകന്മാർ സമർഥിക്കുന്നു.

ഇപ്പോൾ പരിതാവസ്ഥയുടെ സമ്മർദ്ദത്തിന് വിധേയമായി മുസ്‌ലിം രാഷ്ട്രങ്ങൾ അടിമത്തത്തെ പറ്റെ നിരോധിച്ചിരിക്കുകയാണ്. നല്ലത്. എന്നാൽ ആദിയിൽതന്നെ ഇപ്പണി ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്നാശിച്ചുപോവുകയാണ്. പരിതാവസ്ഥയുടെ മാറ്റത്തിനൊത്ത് അനുവദനീയമായ സംഗതി നിയമവിരുദ്ധമാക്കിയതിനൊരു വ്യക്തമായ ഉദാഹരണമാണിത്. തന്നിമിത്തം നമ്മുടെ ഫിഖ്ഹ് ഗ്രന്ഥങ്ങളുടെ വലിയൊരു ഭാഗം ഇപ്പോൾ കാലഹരണപ്പെട്ടുപോയിരിക്കയാണ്.

ഇതേപ്രകാരമാണ് ബഹുഭാര്യത്വത്തിന്റെ അവസ്ഥയും. അതും അധികകാലം വെച്ചുപുലർത്താൻ കഴിയുമെന്നു തോന്നുന്നില്ല. കാരണം, പുരുഷന്മാർ പ്രസ്തുത സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുകയും , തദ്വാരാ സ്ത്രീജനത്തെ മർദ്ദിക്കുകയും ദുഃഖസാഗരത്തിലാഴ്ത്തുകയും ചെയ്യുന്നു. നിലവിലുള്ള സാഹചര്യത്തിൽ മറ്റൊരു പരിഹാരമൊട്ടില്ലതാനും. ഇന്ത്യൻ മുസ്‌ലിംകൾക്ക് മതപരമായ ഖാസിയോ, മറ്റാധികാരിക സ്ഥാപനമോ ഇന്നില്ലല്ലോ. അതിനാൽ, മുൻകാലത്തുണ്ടായിരുന്ന ആശ്വാസവും ഇന്നു നഷ്ടപ്പെട്ടിരിക്കയാണ്. താൽക്കാലികാശ്വാസത്തിന് ഒറ്റ വഴിയേയുള്ളൂ: ബഹുഭാര്യത്വസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുക. ആവശ്യമായ നിബന്ധനകളും ഉപാധികളും ചുമത്തുക. തദ്വാരാ സ്ത്രീജനത്തിന്റെ ദുരിതങ്ങൾക്കും ദുഃഖങ്ങൾക്കും അറുതി വരുത്തുക. ഇതുപോലും ഇന്ത്യൻ മുസ്‌ലിംകൾ അനുവദിക്കാൻ തയാറില്ലെങ്കിൽ അവരുടെ പേഴ്സനൽലോക്ക് വലിയ ആയുസ്സൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്.

ഇനിയും ചില വകുപ്പുകളുണ്ട്, പേഴ്സനൽലോയിൽ പരിഷ്കരിക്കേണ്ടതായിട്ട്. സ്ഥലപരിമിതി അനുവദിക്കാത്തതുകൊണ്ട് തത്ക്കാലം ഇത്രമാത്രം!

* കോടതിവിധികളെസ്സംബന്ധിച്ച ഉദ്ധരണികൾ അഡ്വക്കറ്റ് ഹാജി, വി.എം.എ. കരീമിന്റെ 'ഇസ്‌ലാമിക നിയമം എന്ന കൃതിയിൽനിന്ന് എടുത്തതാണ് —ലേഖകൻ

●